**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1939.** **08.03.2018 ൽ മറുപടിക്ക്.**

## ചെക്ക്പോസ്റ്റുകളിലെ കാഷ്വൽ സ്വീപ്പർമാർ

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചെക്ക് പോസ്റ്റുകൾ നിറുത്തലാക്കിയ സ്ഥലങ്ങളിൽ എത്രപേർ കാഷ്വൽ സ്വീപ്പർ ജോലി ചെയ്തിരുന്നു; അതിൽ എത്രപേർ നെയ്യാറ്റിൻകര താലൂക്കിലെ ചെക്കു പോസ്റ്റുകളിൽ ജോലി ചെയ്തു എന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകളിൽ 24 പേർ കാഷ്വൽ സ്വീപ്പർമാരായി സേവനം അനുഷ്ഠിച്ചിരുന്നു. നെയ്യാറ്റിൻകര താലൂക്കിൽ 12 പേർ കാഷ്വൽ സ്വീപ്പർ മാരായി സേവനം അനുഷ്ഠിച്ചിരുന്നു |
| (ബി) | ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയപ്പോൾ കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കിയവരെ പിരിച്ച് വിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പിരിച്ചു വിട്ടവരെ മറ്റ് സ്ഥലങ്ങളിൽ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചി ട്ടുണ്ടോ; | (സി) | കാഷ്വൽ സ്വീപ്പർമാർ വകുപ്പിന്റെ സ്ഥിരം ജീവനക്കാരല്ല എന്നതിനാൽ മറ്റ് ജീവനക്കാരെ പുനർ വിന്യസിക്കുന്നതുപോലെ ടി ജീവനക്കാരെ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധ്യമല്ല എന്നിരുന്നാലും വകുപ്പിൽ ഭാവിയിൽ കാഷ്വൽ സ്വീപ്പർമാരുടെ ആവശ്യമുണ്ടാകുന്ന പക്ഷം ചെക്ക് പോസ്റ്റുകളിൽ നിന്നും വിടുതൽ ചെയ്ത ജീവനക്കാരെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി പരിഗണിക്കുന്നതിന് സംസ്ഥാന നികുതി കമ്മീഷണർക്ക് / എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ചെക്കു പോസ്റ്റുകളിൽ കാഷ്വൽ സ്വീപ്പർ ആയി എത്ര പേർ ആണ് ജോലി ചെയ്തിരുന്നത്; അതിൽ എത്രപേർ നിലവിൽ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകളിൽ 24 പേർ കാഷ്വൽ സ്വീപ്പർമാരായി സേവനം അനുഷ്ഠിച്ചിരുന്നു. സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടുകൂടി ചെക്ക് പോസ്റ്റുകൾ നിറുത്തലാക്കിയ സാഹചര്യത്തിൽ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ